പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 920 **14-10-2026-ൽ മറുപടിയ്ക്ക്**

കാട്ടാമ്പള്ളി പുനരുദ്ധാരണ പ്രവൃത്തി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. വി. സുമേഷ് ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) ജലവിഭവ വകുപ്പിന്റെ കീഴിൽ വരുന്ന കാട്ടാമ്പള്ളി പുനരുദ്ധാരണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

മറുപടി: RKI യിൽ ഉൾപ്പെടുത്തി കാട്ടാമ്പള്ളി RCB യുടെ പുനരുദ്ധാരണ പ്രവൃത്തിക്കായി 240 ലക്ഷം രൂപയുടെ സിവിൽ പ്രവൃത്തികൾക്കും 430 ലക്ഷം രൂപയുടെ മെക്കാനിക്കൽ പ്രവൃത്തികൾക്കും 03/03/2020 ലും 14.8 ലക്ഷം രൂപയുടെ ഇലക്ട്രിക്കൽ പ്രവൃത്തികൾക്കായി 15/03/2023 ലും ഭരണാനുമതി നൽകിയിരുന്നു.സിവിൽ പ്രവൃത്തികൾക്ക് ടി.എസ് അനുവദിച്ച് മൂന്ന് തവണ ടെൻഡർ ക്ഷണിച്ചുവെങ്കിലും വിവിധ കാരണങ്ങളാൽ പ്രവൃത്തി കരാറുകാർ ഏറ്റെടുത്തില്ല. 11/05/2023 ൽ ചീഫ് എഞ്ചിനീയറുടെ (ജലസേചനവും ഭരണവും) കാര്യാലയത്തിൽ ചേർന്ന യോഗത്തിൽ ആർ.സി.ബിയുടെ നിലവിലെ ഘടനയുടെ സ്ഥിതി വിലയിരുത്തുന്നതിനായി സ്ട്രക്ചറൽ ഇവാലുവേഷൻ നടത്താൻ KERI, PEECHI യെ ഏൽപ്പിക്കുകയും പരിശോധനകളുടെ അടിസ്ഥാനത്തിൽ 11 കോടിയുടെ പുതുക്കിയ എസ്റ്റിമേറ്റ് സർക്കാരിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ആയത് പരിശോധിച്ച നടപടി സ്വീകരിക്കുന്നതാണ്.മെക്കാനിക്കൽ പ്രവൃത്തികൾ മെക്കാനിക്കൽ വിഭാഗത്തിൽ നിന്നും കരാർ വെയ്ക്കുകയും 41 ശതമാനം പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തു. എന്നാൽ സിവിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതോടൊപ്പം മാത്രമേ പുതിയ പ്രവൃത്തികൾ ചെയ്യാൻ കഴിയുകയുള്ളൂ. അതിനാൽ 01/10/2026 ൽ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ അധ്യക്ഷതയിൽ സിവിൽ മെക്കാനിക്കൽ ഉദ്യോഗസ്ഥരുടെ യോഗത്തിൽ മെക്കാനിക്കൽ പ്രവൃത്തി ഫോർക്ലോസ് ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്.സിവിൽ പ്രവൃത്തികളിൽ മറ്റും പുതുക്കിയ ഇലക്ട്രിക്കൽ മെക്കാനിക്കൽ എസ്റ്റിമേറ്റുകൾ അതാത് വിഭാഗങ്ങളിൽ തയ്യാറാക്കി വരുന്നു. ആയത് ലഭ്യമാക്കുന്ന മുറക്ക് പരിശോധിച്ച നടപടി സ്വീകരിക്കാവുന്നതാണ്.

(ബി) പ്രവൃത്തികൾ മുഴുവനായും പൂർത്തീകരിച്ചിട്ടുണ്ടോ; ഇനി എന്തൊക്കെ പ്രവൃത്തികളാണ് പൂർത്തിയാക്കാനുള്ളതെന്ന് വിശദമാക്കാമോ;

മറുപടി: സിവിൽ, ഇലക്ട്രിക്കൽ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല.മെക്കാനിക്കൽ പ്രവൃത്തികളിൽ first tier ഷട്ടറുകളുടെ ഫാബ്രിക്കേഷൻ പൂർത്തിയാക്കിയിട്ടുണ്ട്.സിവിൽ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതോടൊപ്പം മാത്രമേ ഇവയുടെ ഇറക്ഷൻ സാധ്യമാവുകയുള്ളൂ.

(സി) സിവിൽ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടോ; പുതുക്കിയ ഡി.പി.ആർ. പരിശോധന പൂർത്തിയായിട്ടുണ്ടോ; പ്രവൃത്തി ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

മറുപടി: സിവിൽ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല.11 കോടിയുടെ പുതുക്കിയ DPR അംഗീകാരത്തിനായി സർക്കാരിൽ ലഭ്യമായിട്ടുണ്ട്.ആയതു പരിശോധിച്ചു നടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ